DESPATCHED
On..23/12/21



3/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1120(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.9676/SIC-Gen4/2021**

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 3**

ശ്രീ. അബ്ദുൽ അസീസ് പി.പി.,
പണ്ടാരം പറമ്പത്ത് വീട്,,
വാഴയൂർ ഈസ്റ്റ് പി.ഒ.,
രാമനാട്ടുകര, മലപ്പുറം-673 633.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വാഴയൂർ ഗ്രാമ പഞ്ചായത്ത്,
കാരാട് പറമ്പ് പി.ഒ., മലപ്പുറം - 673 632.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.4.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.6.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.8.2020 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.8.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 29.9.2021, 11.10.2021, 18.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 30.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അബ്ദുൽ അസീസ് പി.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വാഴയൂർ ഗ്രാമ പഞ്ചായത്തിലെ തോടും പുറമ്പോക്കും കയ്യേറിയത് ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി നൽകിയ

വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ പുറപ്പെടുവിച്ച ഉത്തരവ് ജുഡിഷ്യസ് ആയിട്ടുള്ളതല്ലെന്നും സ്വന്തം കീഴുദ്യോഗസ്ഥനായ ഒന്നാം എതിർകക്ഷിയുടെ വാദങ്ങളെ സപ്പോർട്ട് ചെയ്യുന്നതാണെന്നും അഴിമതി പുറത്തു കൊണ്ടുവരാനുള്ള അപ്പീൽ വാദിയുടെ ശ്രമങ്ങളെ തടസ്സപ്പെടുത്തി, വിവരങ്ങൾ നിഷേധിക്കുകയും അതിനു സൗകര്യവും സഹായവും ചെയ്തു കൊടുക്കുകയും ചെയ്യുന്ന എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ ഉത്തരവുണ്ടാകണ-മെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 8.4.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

i. വാഴയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ1/2753/2021 തീയതി 26.3.2021 നമ്പർ കത്തിന്റെ പകർപ്പ് നൽകണമെന്നും

ii. ടി വസ്തുവിന്റെ തോട്, പുഴ പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി, 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ സി2-15471/18 തീയതി 8.11.2018 പ്രകാരം ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം വാഴയൂർ പഞ്ചായത്തിലെ താഴെ പറയുന്ന തോടുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എതിർകക്ഷി ഓഫീസിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന വിവരം നൽകണമെന്നും

എ. 4-ാം വാർഡിലെ വിരിപ്പാടം തോട്

ബി. പെരിങ്ങാവ്, മണക്കടവ്-എങ്ങാത്ത പടി തോട്

സി. വാഴയൂർ 8, 9, 6 വാർഡുകളിലെ വാഴയൂർ - പുഞ്ചപ്പാടം തോട്

ഡി. കാരാട് - പരപ്പിൽ തോട് തുടങ്ങി നാല് ഇനങ്ങളിലും ഉപഇനങ്ങളിലു-മായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.4.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിലെ 2(ബി) ഇനത്തിന് വിവരങ്ങൾ പൂർണ്ണമായും നൽകിയില്ല എന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ട് നൽകിയ 29.6.2021 ലെ അപ്പീൽ തീർപ്പാക്കി 10.8.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ

രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 2(ബി) ആയുള്ള ചോദ്യത്തിന് ഒന്നാം എതിർകക്ഷി തന്റെ കാര്യാലയത്തിൽ ലഭ്യമായ വിവരം നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 30.4.2021 തീയതിയിൽ നൽകിയ മറുപടി തൃപ്തികരമാണ് എന്നും ആയതിനാൽ അപ്പീൽ ഹർജിക്കാരന്റെ പരാമർശിത അപ്പീൽ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് വിലയിരുത്തിയും അപ്പീൽ ഹർജിക്കാരൻ ആക്ഷേപമുന്നയിച്ചിട്ടുള്ള വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതി ഉണ്ടെങ്കിൽ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഏതെങ്കിലും വിധത്തിലുള്ള നിയമ ലംഘനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ക്ഷമതയുള്ള അധികാര സ്ഥാനങ്ങളെ സമീപിക്കാവുന്ന-താണെന്ന് അപ്പീൽ ഹർജിക്കാരനെ ഓർമ്മിപ്പിച്ചുകൊണ്ടും അപ്പീൽ തീർപ്പാക്കുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കമ്മീഷൻ കത്ത് ലഭിച്ചതിനെ തുടർന്ന് വാഴൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ അപ്പീൽ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ തികച്ചും വസ്തുതാവിരുദ്ധമാണെന്നും എതിർകക്ഷി കാര്യാലയത്തിന് മുമ്പാകെ ലഭ്യമാകുന്ന വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെടുന്ന രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന വിധത്തിൽ തികച്ചും നിഷ്പക്ഷമായിത്തന്നെയാണ് ഓരോ അപ്പീൽ അപേക്ഷയും തീർപ്പാക്കി ഉത്തരവാകാറുള്ളതെന്നും ഹർജിക്കാരൻ ഒന്നാം അപ്പീലിലും രണ്ടാം അപ്പീലിലും ഉന്നയിച്ചിട്ടുള്ള ആക്ഷേപം വാഴൂർ പഞ്ചായത്തിലെ പൊന്നേപ്പാടം വിരിപ്പാടത്തുള്ള തോട്ടിൽ, തോടിന്റെ സംരക്ഷണ ഭിത്തിയിൽ തോട് പുറമ്പോക്ക് കയ്യേറി കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ടുള്ള പരാതി ജില്ലാ കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്ക് നൽകിയിട്ടുള്ളതായും ടി പരാതികൾ പഞ്ചായത്തിലും ലഭിച്ചിട്ടുള്ളതാണെന്നും ആയത് മറച്ച് വയ്ക്കുവാനാണ് എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയുടെ കാര്യാലയവും ശ്രമിക്കുന്നതെന്നാണെന്നും എന്നാൽ അത്തരത്തിൽ ഒരു പരാതി പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് എന്നതിന് ഉപോത്ബലകമായ രേഖകളൊന്നും തന്നെ ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെന്നും അത്തരം ഒരു പരാതി ഗ്രാമ

പഞ്ചായത്തിൽ ലഭിച്ചിട്ടില്ല എന്നാണ് വാഴയൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ എസ്.പി.ഐ.ഒ അപ്പീൽ അധികാരിയെ അറിയിച്ചിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ സമയബന്ധിതമായി നൽകുക എന്നതാണ് ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. ഇത്തരം പ്രവർത്തികൾ മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് ആ നിലയിലുള്ള അവരുടെ ചുമതലകളും അവർ നിർവ്വഹിക്കേണ്ടുന്നത്. മാത്രമല്ല വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതോടൊപ്പം എതിർകക്ഷി സ്ഥാപനം പോലുള്ള പൊതു ജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപനത്തിൽ നിന്നും അവർക്ക് നൽകി വരുന്ന സേവനങ്ങൾക്ക് തടസം വരാതെ നോക്കേണ്ടതും അവരുടെ ചുമതലയാണ്. അതുപോലെ തന്നെ ഹർജിക്കാരന് കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാൻ ഉതകുന്നവിധത്തിൽ രേഖകൾ നേരിട്ട് പരിശോധിക്കുവാൻ അവസരം നൽകുന്നത് സദുദ്ദേശത്തോടെയാണെന്ന് കണക്കിലെടുത്താൽ എതിർകകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരന്റെ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ഫയലിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകേണ്ടതാണെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരിക്കൽ കൂടി അവസരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM